എൻഡോസൾഫാൻ കീടനാശിനിയുടെ പ്രയോഗം

184 [1660] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ജനവാസമുള്ള പ്രദേശങ്ങളിൽ ഹെലികോപ്റ്റർ ഉപയോഗിച്ച് എൻഡോസൾഫാൻ കീടനാശിനി വർഷങ്ങളോളം ഏരിയൽ സ്പ്രേ ചെയ്തിന്റെ ഫലമായി പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ സംസ്ഥാന ആരോഗ്യവകുപ്പിലെ ആരോഗ്യ വിദഗ്ദ്ധർ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ക്യാമ്പുകളിൽ ചികിൽസക്കായി എത്തിയവരുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് വിശദവിവരങ്ങളും വിദഗ്ദ്ധ ചികിൽസ ആവശ്യമായ രോഗികൾക്ക് അതു ലഭ്യമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയായിരുന്നു എന്നും അറിയിക്കാമോ;

(ഡി) എൻഡോസൾഫാൻ മൂലമുണ്ടായ ഗുരുതരമായ പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യവകുപ്പു വിദഗ്ദ്ധരുടെ നിഗമനങ്ങൾ എന്തായിരുന്നുവെന്നും ഇക്കാര്യം പരിഹരിക്കുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ തയ്യാറാക്കിയിരുന്നുവോ എന്നും ഉണ്ടെങ്കിൽ അതെന്തായിരുന്നുവെന്നും അറിയിക്കാമോ;

(ഇ) ആരോഗ്യവകുപ്പിലെ മെഡിക്കൽ വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കുമോ;

(എഫ്) ജനിതക വൈകല്യങ്ങൾ, മാരകരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരായ ഇവിടത്തെ ജനങ്ങൾക്ക് തുടർചികിൽസയ്ക്കുള്ള സമഗ്രപദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പബ്ലിക് ഹെൽത്ത്) ചെയർമാനായ കമ്മിറ്റി അവിടെ നടത്തിയ പഠനത്തിൽ വിവിധ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രധാനമായും കുട്ടികളിൽ വളർച്ചക്കുറവ്, പഠന കാര്യങ്ങളിൽ പിന്നോക്കാവസ്ഥ, ഗർഭിണികളിൽ അബോർഷൻ, വൈകല്യങ്ങളോടുകൂടിയ കുട്ടികൾ ജനിക്കൽ എന്നീ പ്രശ്നങ്ങൾ ആ പ്രദേശത്ത് കൂടുതലായി കാണപ്പെടുന്നന്നു.

(ബി) മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്ലാന്റേഷൻ പ്രദേശത്തെ ദുരിതമനുഭവിക്കുന്നവരെ ചികിൽസിക്കുന്നതിനായി പഞ്ചായത്തുകളിൽ എട്ട് മെഡിക്കൽ ക്യാമ്പുകളും ജില്ലാ തലത്തിൽ ഒരു റഫറൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിരുന്നു. ജില്ലാ പഞ്ചായത്തിന്റെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിൽ 940 രോഗികളെ പരിശോധിക്കുകയും അവരിൽ നിന്ന് വിദഗ്ദ്ധ ചികിൽസ ആവശ്യമുള്ള 182 പേരെ കണ്ടെത്തുകയും ചെയ്തിരുന്നു. പ്ലാന്റേഷൻ പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് കൂടുതൽ ചികിൽസാ സൗകര്യങ്ങൾ തുടർന്ന് നൽകുന്നതാണ്.

(ഡി) കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ മേഖലയിലെ ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം ആ പ്രദേശത്ത് ജന്മനാ ഉള്ള വൈകല്യങ്ങൾ, മാനസിക വളർച്ചക്കുറവ്, വിവിധതരത്തിലുള്ള അർബുദ രോഗങ്ങൾ, വന്ധ്യത, ഗർഭം അലസിപ്പോകൽ, മാനസികരോഗങ്ങൾ എന്നിവ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഇവയാണ്.

1. എൻഡോസൾഫാൻ സ്ഥിരമായി തടയുക.
2. അവിടുത്തെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
3. മൊബൈൽ മെഡിക്കൽ യൂണിറ്റിനെ സ്ഥിരമായി നിയമിക്കുക.
4. വൈകല്യമുള്ളവർക്കായി പ്രത്യേക പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5. എൻഡോസൾഫാൻ ഉപയോഗിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഹെൽത്ത് വർക്കേഴ്സ് സമയാസമയങ്ങളിൽ സന്ദർശിച്ച് പുതിയതായിക്കാണുന്ന കേസുകൾ ഡി.എം.ഒ.-യെ അറിയിച്ചുകൊണ്ടിരിക്കണം.
6. കീടനാശിനി കൈകാര്യം ചെയ്യുന്നവരെ നിരീക്ഷിക്കാൻ ഒരു സ്ഥിരം സംവിധാനം വേണം.
7. ജോലിക്കാരുടെ ആവശ്യങ്ങൾ നിരീക്ഷിക്കാൻ ഒരു പ്രത്യേക സംവിധാനം വേണം.
8. പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കണം.
9. പ്രകൃതിയിൽ നിന്നും എടുക്കുന്ന കീടനാശിനികൾ പ്രചരിപ്പിക്കണം.
10. രാസപദാർത്ഥങ്ങൾ ഉപയോഗിക്കുമ്പോൾ സാങ്കേതിക പരിജ്ഞാനമുള്ളവർ മേൽനോട്ടം വഹിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നാല് സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ വേണ്ടവർക്ക് സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് നടത്തുകയുണ്ടായി. എൻഡോസൾഫാൻ തളിക്കുന്നത് നിർത്തിവയ്ക്കാൻ കർശന നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

(എഫ്) ഇപ്പോൾ സൗജന്യ മെഡിക്കൽ ക്യാമ്പുകളും ആവശ്യമായ ഘട്ടത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ക്യാമ്പുകളും നടത്തുന്നുണ്ട്. കാസർഗോഡ് ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ തുടർചികിത്സക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതാണ്.

കേരളത്തിലെത്തുന്ന വിദേശ പൗരൻമാർ വസ്തുക്കൾ വാങ്ങുന്നത് സംബന്ധിച്ച നിയമം

185 [1661] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് വിസയിൽ കേരളത്തിലെത്തുന്ന വിദേശ പൗരൻമാർക്ക് കേരളത്തിൽ വസ്തുക്കൾ വാങ്ങാൻ നിയമം അനുവദിക്കുന്നണ്ടോ; ഇങ്ങനെ വാങ്ങുന്ന വസ്തുക്കളുടെ ആധാരം രജിസ്റ്റർ ചെയ്തുകൊടുക്കാൻ നിയമതടസ്സമുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കോട്ടയം അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിൽ 2002 ജൂലൈയിൽ ഇത്തരത്തിലുള്ള ഏതെങ്കിലും രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ അത് ആരാണെന്നും ഈ രജിസ്ട്രേഷൻ നിയമാനുസൃതമാണോ എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ചു വരുന്നു.

കോട്ടയം പ്രിൻസിപ്പൽ സബ്രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ വിശദാംശം

186 [1662] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിൽ 3878/02 നമ്പരായി ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അത് ആരാണ്; അയാൾ വിദേശിയാണോ;

LIBRARY ARCHIVES Kerala Legislative Assembly